# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.6303 — 08/11/2016-ന് മറുപടിക്ക്

## പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ

**ചോദ്യം**

ശ്രീ.എൻ.എ.നെല്ലിക്കുന്ന്
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.സി.മമ്മൂട്ടി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ റിപ്പോർട്ടു ചെയ്യാതെ പൂഴ്ത്തിവയ്ക്കുന്നതായ റിപ്പോർട്ടിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നല്കാമോ; | (എ) യും (ബി) യും (സി) യും | നിലവിലുള്ള എല്ലാ ഒഴിവുകളും 2017 ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ട്. ഇക്കാര്യം അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതെ പൂഴ്ത്തി വയ്ക്കുന്നതായ പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഫീസുകളിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ്) വകുപ്പ് ത്വരിത പരിശോധന നടത്തുകയും ഒഴിവുകൾ കാലവിളംബം കൂടാതെ റിപ്പോർട്ട് ചെയ്യാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ നൽകിയ കർശന നിർദ്ദേശം പാലിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | താല്ക്കാലികക്കാരെയും, കോൺട്രാക്ട് നിയമനം ലഭിച്ചവരെയും നിലനിർത്താൻവേണ്ടി, ഒഴിവുകൾ നിയമാനുസൃതം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നു എന്ന പരാതിയെക്കുറിച്ച് അന്വേഷിക്കുമോ ? | | |

സെക്ഷൻ ഓഫീസർ